പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1885</u> <u>07.03.2017 ൽ മറുപടിക്ക്</u>

<u>പത്തനംതിട്ട വിമാനത്താവളം</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അടൂർ പ്രകാശ് | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

**ചോദ്യം**

(എ) ശബരിമല തീർത്ഥാടകരുടെ സൗകര്യം കണക്കിലെടുത്ത് പത്തനംതിട്ട ജില്ലയിൽ ഒരു വിമാനത്താവളം ആരംഭിക്കുന്നതിന് മന്ത്രിസഭ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) എങ്കിൽ തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) KSIDC അല്ലാതെ മറ്റ് ഏതെങ്കിലും ഏജൻസിയെ ഇതുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം ഏജൻസികളെന്ന് വിശദീകരിക്കുമോ;

(ഇ) അമേരിക്കയിലെ കൺസൾട്ടിംഗ് കമ്പനിയായ എയ്കോം എന്ന സ്ഥാപനത്തിന്റെ പഠന റിപ്പോർട്ട് ആരുടെ നിർദ്ദേശ പ്രകാരമാണ് ഉണ്ടാക്കിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(എഫ്) നാളിതുവരെ ആരെല്ലാമാണ് റിപ്പോർട്ടുകൾ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**മറുപടി**

(എ) യും (ബി) യും ഉണ്ട് മന്ത്രിസഭാ തീരുമാനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) യും (ഡി) യും (ഇ) യും (എഫ്) യും 21.02.2017 ലെ സർക്കാർ ഉത്തരവിൻ പ്രകാരം ശബരിമലയിൽ ഒരു വിമാനത്താവളം നിർമ്മിക്കുന്നതിന് തത്ത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആയതിലേക്ക് ഒരു ആധികാരിക ഏജൻസി മുഖേന സാധ്യതാ പഠനം നടത്തുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.) നെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. പഠന റിപ്പോർട്ട് ലഭ്യമായിട്ടില്ല. ഇക്കാര്യത്തിനായി വേറെ ഒരു കമ്പനിയെയും ചുമതലപ്പെടുത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 15-02-2017.

ഫയൽ നം.50/ഡി2/2017/ഗതാ. ഇനം നം: 713

വിഷയം : ഗതാഗത വകുപ്പ് - ശബരിമലയുമായി ബന്ധപ്പെട്ട് പുതിയ ഗ്രീൻ ഫീൽഡ് വിമാനത്താവളത്തിന് തത്വത്തിൽ അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, ഗതാഗത (ഏവിയേഷൻ) വകുപ്പ്.

സെക്ഷൻ ഓഫീസർ